പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 82

28.01.2019 ൽ മറുപടിക്ക്

# ഏവിയേഷൻ ഫ്യൂവൽ വാറ്റ് ഇളവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>,, മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, എം.ഉമ്മർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് പത്ത് വർഷത്തേക്ക് ഏവിയേഷൻ ഫ്യൂവൽ വാറ്റ് ഒരു ശതമാനമാക്കി കുറച്ച് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിലേക്ക് നയിച്ച സാഹചര്യമെന്തെന്ന് വിശദീകരിക്കാമോ; | (എ) | ഉണ്ട്. എയർ ലൈൻ ഓപ്പറേറ്റർമാരുടെ സഹായത്തോടെ ആഭ്യന്തര വിമാനയാത്രയെ പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, എയർ ലൈൻ ഓപ്പറേറ്റർമാർ എന്നിവർ സംയുക്തമായി സഹകരിച്ച് ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാക്കുന്നതിന് നടപ്പിലാക്കിയ റീജിയണൽ കണക്ടിവിറ്റി സ്കീമിന്റെ (ആർ.സി.എസ്.സ്കീം-ഉഡാൻ) നിബന്ധനകൾ പ്രകാരം ആർ.സി.എസ് വിമാനത്താവളങ്ങൾ ഏവിയേഷൻ ടെർബൈൻ ഫ്യൂവൽ (എ.റ്റി.എഫ്) മേലുള്ള വാറ്റ് 10 വർഷത്തേയ്ക്ക് 1% മായി കുറയ്ക്കേണ്ടതുണ്ട്. കൂടാതെ, ഏകദേശം 2250 കോടി രൂപ മുതൽ മുടക്കി സ്ഥാപിച്ചിട്ടുള്ള ഈ വിമാനത്താവളത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഭാരിച്ച സാമ്പത്തികം ആവശ്യമാണ്. ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് ആയതിനാൽ കണ്ണൂർ വിമാനത്താവളത്തിലെ മാനവശേഷി ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളുടെയും ചെലവ് എയർപോർട്ട് തന്നെ വഹിക്കേണ്ടതായിട്ടുണ്ട്. A T F ന് മേലുള്ള നികുതി 10 വർഷത്തേക്ക് 1% ആക്കിയാൽ മാത്രമേ കണ്ണൂർ വിമാനത്താവളത്തിലേയ്ക്ക് കൂടുതൽ വിമാനക്കമ്പനികളെ ആകർഷിക്കുന്നതിനും, അതോടൊപ്പം യാത്രക്കാരുടെ ടിക്കറ്റ് നിരക്ക് കുറയ്ക്കുന്നതിനും സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ ഉഡാൻ സ്കീമിൽ ഉൾപ്പെട്ട കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിനും ആഭ്യന്തര വിമാന സർവ്വീസുകൾ നടത്തുന്ന വിമാനങ്ങൾക്ക് ഏവിയേഷൻ ടെർബൈൻ ഫ്യൂവലിന്മേലുള്ള KGST 1% മായി കുറച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇതേ ഇന്ധന വാറ്റ് ഇരുപത്തെട്ട് ശതമാനം ഈടാക്കുമ്പോൾ തൊട്ടടുത്ത കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് ഇത് ഒരു ശതമാനം ആകയാൽ കരിപ്പൂരിൽ നിന്നുള്ള ആഭ്യന്തര വിമാന സർവ്വീസുകളെ ഈ തീരുമാനം സാരമായി ബാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) യും (സി) യും | കണ്ണൂർ, കാസർഗോഡ്, കർണ്ണാടകം എന്നിവിടങ്ങളിലെ യാത്രക്കാരാണ് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തെ കൂടുതൽ ആശ്രയിക്കുന്നത്. ആയതിനാൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ആഭ്യന്തര വിമാന സർവ്വീസുകൾ നടത്തുന്ന വിമാനങ്ങൾക്ക് ഏവിയേഷൻ ടെർബൈൻ ഫ്യൂവലിന്മേലുള്ള KGST 1% മായി കുറച്ചത് കരിപ്പൂരിൽ നിന്നുള്ള ആഭ്യന്തര വിമാന സർവ്വീസുകളെ സാരമായി ബാധിക്കുമെന്ന് കരുതുന്നില്ല. |
| (സി) | കണ്ണൂർ വിമാനത്താവളത്തിന് നൽകിയ പ്രത്യേക പരിഗണന കരിപ്പൂർ വിമാനത്താവളത്തിനും നൽകി അവിടെയും ഇന്ധന വാറ്റ് ഒരു ശതമാനമാക്കി കുറച്ചു നിശ്ചയിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ